**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടം നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ജില്ലാ ഭരണകൂടം നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ ? | (എ) | സംസ്ഥാന ചരിത്രത്തിലെ ഏറ്റവും തീവ്രമായ ഉരുൾപൊട്ടൽ ആണ് 2024 ജൂലൈ മാസം 30ന് വയനാട് ജില്ലയിൽ ഉണ്ടായത്. വയനാട് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട സർക്കാർ നടത്തിയ ദുരന്ത നിവാരണ പ്രവർത്തങ്ങൾ രാജ്യത്തിന് തന്നെ മാതൃകയായ പ്രവർത്തങ്ങൾ ആയിരുന്നു. ആദ്യ ഉരുൾപൊട്ടലിൽ തന്നെ പ്രദേശവാസികൾ വിവരം അറിയിക്കുകയും ജില്ലാ കളക്ടർ അടങ്ങുന്ന ടീം പ്രദേശത്തേയ്ക്ക് എത്തി ചേരുകയും കേന്ദ്ര സംസ്ഥാന ഫോഴ്സുകളുടെയും പ്രദേശവാസികളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ രക്ഷാപ്രവർത്തനങ്ങൾ ആരംഭിക്കുകയും പരുക്കേറ്റ 630 പേരെ ആശുപത്രികളിലേയ്ക്ക് മാറ്റുകയും ചെയ്തു. മറ്റ് ദുരിതബാധിതരെ പാർപ്പിക്കുന്നതിന് വൈത്തിരി താലൂക്കിലെ വിവിധ സ്കൂളുകളിൽ ക്യാമ്പുകൾ ആരംഭിക്കുകയും 1300ൽ പരം ആളുകളെ ദുരന്ത ബാധിത പ്രദേശത്ത് നിന്നും മാറ്റി പാർപ്പിക്കുകയും ചെയ്തു.<br><br>ദുരന്തം നടന്ന ദിവസം മുതൽ നാല് മന്ത്രിമാരടങ്ങുന്ന മന്ത്രി സഭ ഉപസമിതി ജില്ലയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വളരെ ചുരുങ്ങിയ സമയം കൊണ്ട് സാധ്യമായ എല്ലാ സംസ്ഥാന സേനകളെയും കേന്ദ്രസേനകളെയും ദുരന്തമുഖത്ത് എത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. കൂടാതെ ലഭ്യമായ സാങ്കേതിക വിഭാഗങ്ങളെയും ദുരന്തമേഖലയിലെ ആവശ്യതകൾക്കനുസരിച്ച് വിന്യസിക്കാൻ സാധിച്ചു. 126 - എൻ ഡി ആർ എഫ്, 154 - മദ്രാസ് എഞ്ചിനീയറിംഗ് ഗ്രൂപ്പ്(ഇ എം ജി), 187- പ്രതിരോധ സുരക്ഷ സേന (ഡി എസ് സി), 137 - നാവികസേന, 360- ഫയർ & റസ്ക്യൂ, 1286 -കേരള പോലീസ് മറ്റുള്ള സേനകൾ, ഫോറസ്റ്റ് ഉദ്യോഗസ്ഥർ, തമിഴ് നാട് ഫയർ ഫോഴ്സ്, 21 - റ്റി എൻ ഡീ ആർ എഫ്, 89 - എം എം ഇ പാങ്ങോട് ബ്രിഗേഡ്, 14 - |

ഹൈ ആൾട്ടിറ്റ്യൂഡ് റസ്ക്യൂ ടീം, 26 - കോസ്റ്റ് ഗാർഡ്, 45 -റ്റെറിട്ടോറിയൽ ആർമി, സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ്, മെഡിക്കൽ ടിം, ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഡെൽറ്റ സ്ക്വാഡ്, കേരള പോലീസ് & ആർമി കെ 9 ഡോഗ് സ്ക്വാഡ്, വൊളണ്ടിയേഴ്സ് രാഷ്ട്രീയ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, പ്രദേശവാസികൾ എന്നിവർ രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകി. ചൂരൽമലയെയും മുണ്ടക്കൈയെയും ബന്ധിപ്പിക്കുന്ന പാലം തകർന്നതിന്റെ സ്ഥാനത്തു വളരെ പെട്ടന്ന് തന്നെ ആർമിയുടെ സഹായത്തോടെ ബെയ്‌ലി പാലം നിർമിക്കുകയുണ്ടായി. മരണപ്പെട്ടവരുടെ ശരീരങ്ങൾ കണ്ടെത്തുന്നതിനായി പ്രത്യേക പരിശീലനം ലഭിച്ച നായ്ക്കൾ, IBOD, Drone എന്നിവ ഉപയോഗപ്പെടുത്തുകയുണ്ടായി. കേരളത്തിലെ പരിശീലനം ലഭിച്ച ആപ്ത മിത്ര, സിവിൽ ഡിഫെൻസ്, സന്നദ്ധസേന അംഗങ്ങളേയും രക്ഷാപ്രവർത്തങ്ങൾക്കായി വിന്യസിച്ചു.

ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, ലാന്റ് റവന്യൂ കമ്മീഷണർ, ഡെപ്യൂട്ടി കളക്ടർമാർ ഉൾപ്പടെയുള്ള ഉന്നത ഉദ്യോഗസ്ഥർ ജില്ലയിൽ ക്യാമ്പ് ചെയ്യുകയും ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഏകോപനം, അടിസ്ഥാന വിവരശേഖരണം, വിശകലനം, അപഗ്രഥനം, റിപ്പോർട്ടിങ് എന്നീ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജില്ലാതലത്തിലും താലൂക്ക് തലത്തിലും കൺട്രോൾ റൂമുകൾ കൂടുതൽ കാര്യക്ഷമമാക്കി. ദുരന്ത മേഖലയിൽ റവന്യൂ, പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ കൺട്രോൾ റൂം സജ്ജമാക്കി. ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചൂരൽമലയിൽ പ്രത്യേക മെഡിക്കൽ ക്യാമ്പ് തുറന്നു. ദുരന്ത ബാധിതർക്കായി കളക്ടറേറ്റിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിക്കുകയും ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തുകയും ചെയ്തു.

മാറ്റി പാർപ്പിക്കാനുദ്ദേശിച്ച ആളുകൾക്കായി 17ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കുകയും ക്യാമ്പുകളിൽ താമസിപ്പിച്ചിട്ടുള്ള കുടുംബങ്ങളുടെയും വ്യക്തികളുടെയും വിവരങ്ങൾ രേഖപ്പെടുത്തുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാധന സാമഗ്രികൾ സജ്ജീകരിക്കുകയും ചെയ്തു. താൽക്കാലികമായി പുനരധിവസിക്കപ്പെട്ടവർക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രയാസങ്ങൾ തുടർന്നുണ്ടായാൽ അക്കാര്യത്തിൽ പരാതി നൽകാനും ഇടപെടാനും അസി. കളക്ടറുടെ

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തനം ആരംഭിച്ച് തുടർന്നു വരുന്നുണ്ട്.<br><br>ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം ചിലവഴിച്ച തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## ഇതുവരെ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം ചെലവഴിച്ച തുക വിവരം

| ക്രമം നം. | ഇനം | ചെലവഴിച്ച തുക സംബന്ധിച്ച വിവരം |
|---|---|---|
| 1 | ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്യാമ്പ്, വാഹനങ്ങൾ ഓടിയ വകയിലുള്ള ഇന്ധന ചെലവ്, വാടക, താൽക്കാലിക പുനരധിവാസം അറ്റകുറ്റപണി, കിറ്റ് വിതരണം, ശവസംസ്കാരത്തിനുള്ള ചെലവ്, മുതലായവ | 2,74,12,410/- |
| 2 | അടിയന്തിര ധനസഹായം SDRF-5000/-വീതം (1031 കുടുംബങ്ങൾക്ക് ) | 51,55,000/- |
| 3 | ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം ( 300/- രൂപ വീതം 30 ദിവസത്തേക്ക് - ഒരു കുടുംബത്തിലെ പരമാവധി 2 പേർക്ക്) (2125 പേർക്ക്) | 1,91,14,000/- |
| 4 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് SDRF ൽ നിന്നും ഉള്ള ധനസഹായം( 4,00,000/-) - (148 പേർക്ക്) | 5,92,00,000 /- |
| 5 | പരിക്കേറ്റവർക്കുള്ള ചികിൽസ ധനസഹായം - 5400/- (ഒരാഴ്ചയിൽ താഴെ) ( 8 പേർക്ക് ) - SDRF | 43,200/- |
| 6 | പരിക്കേറ്റവർക്കുള്ള ചികിൽസ ധനസഹായം-16000/- (ഒരാഴ്ചയിൽ കൂടുതൽ) ( 26 പേർക്ക് ) - SDRF | 4,16,000/- |
| 7 | അടിയന്തിര ധനസഹായം CMDRF 5000/- വീതം (1031 കുടുംബങ്ങൾക്ക്) | 51,55,000/- |
| 8 | ജീവനോപാധി നഷ്ടപ്പെട്ടവർക്കുള്ള ധനസഹായം ( കിടപ്പ് രോഗികൾക്ക് CMDRF 300/- രൂപ വീതം 30 ദിവസത്തേക്ക്) (33 പേർക്ക്) | 2,97,000/- |
| 9 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് CMDRF ൽ നിന്നും ഉള്ള | 2,85,30,000 |

| | | |
|---|---|---|
| | ധനസഹായം – 1,90,000/– ( ശവസംസ്കാരത്തിനുള്ള ധനസഹായം ഒഴികെ ) (148 പേർക്ക്) | /– |
| 10 | ഗുരുതര പരിക്കേറ്റവർക്ക് ചികിൽസാ ധനസഹായം (CMDRF) (34 പേർക്ക് ) | 17,00,000/– |
| 11 | ശവസംസ്കാരത്തിനുള്ള ധനസഹായം (CMDRF)–10000/–(173 പേർക്ക്) | 17,30,000/– |
| 12 | ദുരിതബാധിതർക്കുള്ള വാടക (CMDRF) (ആഗസ്റ്റ്) (813 കുടുംബങ്ങൾക്ക്) | 28,57,800/– |
| 13 | ദുരിതബാധിതർക്കുള്ള വാടക (CMDRF) (സെപ്റ്റംബർ) (791 കുടുംബങ്ങൾക്ക്) | 46,96,200/– |
| 14 | മരണപ്പെട്ടവരുടെ ആശ്രിതർക്ക് PMNRF ൽ നിന്നും ഉള്ള ധനസഹായം (148 പേർക്ക്) | 2,96,00,000/– |
| 15 | ഗുരുതര പരിക്കേറ്റവർക്ക് ചികിൽസാ ധനസഹായം (PMNRF) (34 പേർക്ക് ) | 17,00,000/– |